**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2654** **27-02-2023 - ൽ മറുപടിയ്ക്ക്**

**അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൽ അംഗത്വം ലഭിച്ചവർക്ക് വോട്ടവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . സണ്ണി ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണ കാലയളവിൽ അംഗത്വം ലഭിക്കുന്നവർക്ക് വോട്ടിംഗ് അവകാശം നൽകാൻ നിലവിൽ വ്യവസ്ഥയുണ്ടോ; ഇപ്രകാരം വോട്ടവകാശം നൽകുന്നത് സഹകരണ സംഘങ്ങളെ ജനാധിപത്യ വിരുദ്ധമായി അട്ടിമറിക്കുന്നതിന് ദുരുപയോഗം ചെയ്യപ്പെടും എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ എന്ത് തിരുത്തൽ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | അഡ്മിനിസ്ട്രേറ്റീവ് ഭരണ കാലയളവിൽ അംഗത്വം ലഭിച്ചവർക്ക് അഡ്മിനിസ്ട്രേറ്റീവ് ഭരണ കാലയളവിന് ശേഷം ജനാധിപത്യ പ്രക്രിയയിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതി നിലവിൽ വരുമ്പോൾ പ്രസ്തുത ഭരണ സമിതിയുടെ തീരുമാനപ്രകാരം അവരുടെ അംഗത്വം സാധൂകരിച്ച് വോട്ടവകാശം നൽകാൻ കഴിയുന്നതാണ്. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര സഹകരണ ബാങ്ക്/ സംഘങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണ കാലയളവിൽ അംഗത്വം ലഭിച്ചവർക്ക് വോട്ടവകാശം നൽകിയിട്ടുണ്ട് എന്നും ഓരോ സംഘത്തിലെയും അഡ്മിനിസ്ട്രേറ്റീവ് ഭരണ കാലാവധിയും ഈ കാലയളവിൽ നൽകിയ അംഗത്വത്തിന്റെ എണ്ണവും അവരിൽ നിന്നും വോട്ടവകാശം നൽകിയ അംഗങ്ങളുടെ എണ്ണവും സംഘത്തിലെ ആകെ അംഗങ്ങളുടെ എണ്ണവും വ്യക്തമാക്കുമോ? | (ബി) | സംഘങ്ങളിൽ അംഗത്വം നൽകുന്നത് സംഘം ഭരണസമിതിയാണ്. യോഗ്യത വിലയിരുത്തിയാണ് സംഘം അംഗത്വം അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ